KANNUR INTERNATIONAL AIRPORT LIMITED

കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള ഭൂമിയുടെ ചുറ്റുമതിലിനുള്ളിലെ ഫലവൃക്ഷങ്ങളിൽ നിന്നും 2026 ഡിസംബർ 1 മുതൽ 2028 നവംബർ 31 വരെയുള്ള 24 മാസക്കാലയളവിൽ ആദായം എടുക്കുന്നതിനുള്ള ടെൻഡർ/ക്വട്ടേഷൻ

ടെൻഡർ നമ്പർ; KIAL/A&LM/304/2026-28

KIAL/A&LM/304/2026-28 29 October 2026

കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ്

ദർഘാസ് പരസ്യം

കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട് ഭൂമിയുടെ ചുറ്റുമതിലിനുള്ളിലെ ഫലവൃക്ഷങ്ങളിൽ നിന്നും 2026 ഡിസംബർ 1 മുതൽ 2028 നവംബർ 31 വരെയുള്ള 24 മാസകാലയളവിൽ ആദായം എടുക്കുന്നതിനുള്ള അവകാശം നേടുന്നതിനു വേണ്ടി, മത്സര സ്വഭാവമുള്ള ദർഘാസ് ക്ഷണിക്കുന്നു.

ആദായം എടുക്കാൻ പറ്റുന്ന മരങ്ങളുടെ വിവരങ്ങൾ

ക്രമനമ്പർ	വിവിധയിനം മരങ്ങൾ	ഏകദേശ മരങ്ങളുടെ എണ്ണം	അടിസ്ഥാന ആദായ വില (ആദ്യത്തെ ഒരുവർഷത്തേക്ക്)
1	റബ്ബർ	1262	3,61,393
2	തെങ്ങ്	2746	
3	പ്ലാവ്	261	
4	കശുമാവ്	829	
5	മാവ്	400	
6	പുളിമരം	26	
7	പന	352	
8	കവുങ്ങ്	366	
9	പഞ്ഞിമരം	65	

നിരതദവ്യമായ 25000/ രൂപയുടെ ഡ്രാഫ്റ്റ് (കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ്, കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളം (പി .ഒ), മട്ടന്നൂർ, കണ്ണൂർ -670708) എന്ന പേരിൽ അടക്കേണ്ടതാണ്. ആവശ്യമായ നിരതദ്രവ്യം അടക്കാത്ത ദർഘാസുകൾ നിരസിക്കുന്നതാണ്. ദർഘാസ് സ്ഥിരപ്പെടുത്തി കിട്ടുന്ന വ്യക്തി സ്വന്തം ഉത്തരവാദിത്വത്തിൽ നിലവിലെ നിയമങ്ങൾക്ക് വിധേയമായി ദർഘാസ് നിബന്ധനകൾ അനുസരിച്ച് മരങ്ങൾക്ക് കേടുപാടു കൂടാതെ ആദായം എടുക്കേണ്ടതാണ്. 'കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട് ഭൂമിയുടെ ചുറ്റുമതിലിനുള്ളിലെ മരങ്ങളിൽ നിന്ന് ആദായം എടുക്കാനുള്ള അവകാശം നേടുന്നതിന് വേണ്ടി' എന്ന് രേഖപ്പെടുത്തി സീൽ ചെയ്ത കവറിൽ മാനേജിംഗ് ഡയറക്ടർ, കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ് എന്ന പേരിൽ സമർപ്പിക്കേണ്ടതാണ്. വിശദ വിവിരങ്ങൾ കണ്ണൂർ എയർപോർട്ടിന്റെ www.kannurairport.aero എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. പ്രത്യേക മുന്നറിയിപ്പു/ കാരണങ്ങൾ കൂടാതെ തന്നെ ദർഘാസ് റദ്ദ് ചെയ്യുന്നതിനും പരിഷ്കരിക്കുന്നതിനും പൂർണ്ണ അധികാരം താഴെ ഒപ്പിട്ടിരിക്കുന്ന അധികാരിയിൽ നിക്ഷിപ്തമായിട്ടുള്ളതാകുന്നു.

ദർഘാസ് വെബ്സൈറ്റിൽ ലഭ്യമാകുന്ന തിയ്യതി : 2026 ഒക്ടോബർ 29 മുതൽ 2026 നവംബർ 12 വരെ
ദർഘാസ് സ്വീകരിക്കുന്ന അവസാന തിയ്യതി : 2026 നവംബർ 12 ഉച്ചയ്ക്ക് 3 മണിവരെ
ദർഘാസ് തുറക്കുന്ന തിയ്യതി : 2026 നവംബർ 12 ഉച്ചയ്ക്ക് 3:30 മണി
ദർഘാസം ഫോറം വില : 550 രൂപ + 18% GST

(ഒപ്പ്) ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ
കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ്
മട്ടന്നൂർ, കണ്ണൂർ

KANNUR International Airport

ദർഘാസ് വ്യവസ്ഥകൾ

1. കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട് ഭൂമിയുടെ ചുറ്റുമതിലിനുള്ളിലെ ഫലവൃക്ഷങ്ങളിൽ നിന്നും 2026 ഡിസംബർ 1 മുതൽ 2028 നവംബർ 31 വരെയുള്ള 24 മാസകാലയളവിൽ ആദായം എടുക്കുന്നതിനായി ഇനി പറയുന്ന നിബന്ധനകളും വ്യവസ്ഥകളും ബാധകമായിരിക്കും.

2. ദർഘാസിൽ ലഭിച്ച ഏറ്റവും കൂടിയ തുകയ്ക്കായിരിക്കും ദർഘാസ് ഉറപ്പിക്കുക.

3. ആദായം എടുക്കാൻ പറ്റുന്ന മരങ്ങളുടെ ഏകദേശം വിവരങ്ങൾ താഴെ കാണിക്കുന്നു.

   ഓഫറുകൾ സമർപ്പിക്കുന്നതിന് മുമ്പായി കരാറിൽ പങ്കെടുക്കുന്നവർ സ്വന്തം താൽപ്പര്യപ്രകാരം മരങ്ങളുടെ എണ്ണം, ഗുണമേൻമ എന്നിവ പരിശോധിക്കണം. അനുബന്ധത്തിൽ കാണിച്ചിരിക്കുന്ന സംഖ്യയേക്കാൾ മരങ്ങളുടെ എണ്ണം കുറഞ്ഞാൽ ബിഡ് തുകയിൽ മാറ്റം ഉണ്ടാകുന്നതല്ല.

ക്രമനമ്പർ	വിവിധയിനം മരങ്ങൾ	ഏകദേശ മരങ്ങളുടെ എണ്ണം
1	റബ്ബർ	1262
2	തെങ്ങ്	2746
3	പ്ലാവ്	261
4	കശുമാവ്	829
5	മാവ്	400
6	പുളിമരം	26
7	പന	352
8	കവുങ്ങ്	366
9	പഞ്ഞിമരം	65

   കുറിപ്പ് :/ മേൽ കാണിച്ചിരിക്കുന്ന മരങ്ങൾ കണ്ണൂർ എയർപോർട്ടിന്റെ കൈവശമുള്ള ഏകദേശം 900 ഏക്കറിൽ ഉൾപ്പെടുന്നതും പല സ്ഥലങ്ങളിലായി നിലകൊള്ളുന്നതുമാണ്. എണ്ണം ഏകദേശം മാത്രമാണ്.

4. ദർഘാസിനു മുമ്പായി ദർഘാസിൽ പങ്കെടുക്കുന്നവരും ദർഘാസുകൾ സമർപ്പിക്കുന്നവരും നിരതദ്രവ്യമായി 25000 രൂപ ഡി.ഡി. യായി (തിരികെ ലഭിക്കും) ദർഘാസിനൊപ്പം അടക്കേണ്ടതാണ്. നിരതദ്രവ്യം അടച്ചവർക്ക് മാത്രമേ ദർഘാസിൽ പങ്കെടുക്കുവാൻ അർഹതയുണ്ടായിരിക്കുകയുള്ളൂ. ഒരു കാരണവശാലും നിരതദ്രവ്യം ഇല്ലാത്ത ദർഘാസുകൾ സ്വീകരിക്കുന്നതല്ല.

5. ദർഘാസിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ആയതിനു മുമ്പായി സ്ഥലം സന്ദർശിച്ചു ആദായം എടുക്കാൻ പറ്റുന്ന മരങ്ങളുടെ എണ്ണം. ഇനം, ബ്ലോക്കുകളുടെ വിസ്തൃതി, അതിരുകൾ മുതലായവയുടെ വിവരങ്ങൾ മനസ്സിലാക്കിയിരിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് എന്തെങ്കിലും തർക്കമുണ്ടായാൽ കണ്ണൂർ എയർപോർട്ടിന്റെ തീരുമാനം അന്തിമമായിരിക്കും. അത് ചോദ്യം ചെയ്യാൻ പാടില്ലാത്തതാണ്.

6. ദർഘാസ് സ്ഥിരപ്പെടുത്തി കിട്ടുന്നയാൾ ദർഘാസ് തുകയുടെ 50% അപ്പോൾ തന്നെ തുകയായോ ഡി.ഡി. യായോ അടക്കേണ്ടതാണ്. ബാക്കി മുഴുവൻ തുകയും ബാധകമായ നികുതിയും(18% GST) ഏഴു ദിവസത്തിനകം അടച്ച ശേഷം നിശ്ചിത കരാറിൽ ഒപ്പുവെച്ച് ആദായം ഏടുത്തു തുടങ്ങാവുന്നതാണ്. ദർഘാസിലുള്ള തുകയിൽ ഉയർന്ന തുകയാണ് കരാർ തുകയായി കണക്കാക്കുക. കൂടാതെ ദർഘാസ് സ്ഥിരപ്പെടുത്തി കിട്ടുന്ന തുകയുടെ 10% സെക്യൂരിറ്റി ഡെപ്പോസിറ്റ്

ആയി അടക്കേണ്ടതാണ്. കരാർ കാലാവധി കഴിഞ്ഞാൽ മാത്രമേ സെക്യൂരിറ്റി ഡെപ്പോസിറ്റ് റിലീസ് ചെയ്യുകയുള്ളൂ. ദർഘാസിൽ കാണിച്ചിരിക്കുന്ന തുകയിൽ കുറവാണ് കാട്ട് ചെയ്തതെങ്കിൽ ദർഘാസ് അവാർഡ് ചെയ്യണമെന്നില്ല.

7. ഓഫർ സ്വീകരിക്കുന്ന കത്ത് നൽകിയതിന് ശേഷം 7 ദിവസത്തിനുള്ളിൽ ഓഫറിന്റെ മുഴുവൻ വാർഷിക തുക അടയ്ക്കുന്നതിൽ പരാജയപ്പെട്ടാൽ നിരതദ്രവ്യമായ 25,000 രൂപ നഷ്ടപ്പെടും.

8. കണ്ണൂർ എയർപോർട്ടിന് യുക്തമാണെന്നു തോന്നുന്ന പക്ഷം ഏതെങ്കിലും സ്ഥലത്തിനിന്നും ആദായം എടുക്കുവാനുള്ള അവകാശം യാതൊരു കാരണവും കാണിക്കാതെ തന്നെ 15 ദിവസത്തെ നോട്ടീസ് നൽകി തിരിച്ചെടുക്കുവാൻ അധികാരം ഉണ്ടായിരിക്കുന്നതാണ്. അങ്ങനെ ചെയ്യുന്ന പക്ഷം ദർഘാസ് തുകയിൽ കുറവ് വരുത്തുന്നതായിരിക്കും.

9. ആദായം എടുക്കുന്നതിനുള്ള മുഴുവൻ അവകാശം കണ്ണൂർ എയർപോർട്ട് ഏറ്റെടുക്കുന്ന പക്ഷം, ബാക്കി കാലാവധി, മരങ്ങളുടെ എണ്ണം എന്നിവ കണക്കാക്കി ആനുപാതികമായ കരാർ തുക മടക്കി നൽകുന്നതായിരിക്കും.

10. തീപിടുത്തം, വരൾച്ച, പ്രകൃതിക്ഷോഭം മുതലായവ മൂലം ഉണ്ടാകുന്ന മരങ്ങളുടെ നഷ്ടം, കരാറുകാരുടെ തൊഴിലാളികളുടെ സമരം. പണിമുടക്ക് മുതലായവ മൂലം ഉണ്ടാകുന്നതും മറ്റേതെങ്കിലും വിധത്തിൽ ഉണ്ടാകുന്നതുമായ നാശനഷ്ടങ്ങൾക്കോ കണ്ണൂർ എയർപോർട്ട് ഉത്തരവാദികളായിരിക്കുന്നതോ നഷ്ടപരിഹാരങ്ങൾ നൽകുന്നതോ അല്ല. കരാറുകാരന്റെ തൊഴിലാളികൾക്കു ലഭിക്കേണ്ടതായ യാതൊരുവിധ ആനുകൂല്യങ്ങളോ നഷ്ടപരിഹാരമോ നൽകുന്നതിന് കണ്ണൂർ എയർപോർട്ടിന് ബാധ്യത ഉണ്ടായിരിക്കുന്നതല്ല. ആയത് കരാറുകാരൻ തന്നെ സ്വന്തം ഉത്തരവാദിത്വത്തിൽ നിർവഹിക്കേണ്ടതാണ്.

11. കരാറുകാരനിൽ നിന്നോ ടിയാന്റെ ഏജന്റിൽ നിന്നോ തൊഴിലാളികളിൽ നിന്നോ കണ്ണൂർ എയർപോർട്ടിന്റെ സുഗമമായ പ്രവർത്തനത്തിന് യാതൊരു തടസ്സവും ഉണ്ടാകാൻ പാടുള്ളതല്ല. മാത്രവുമല്ല, നിയമവിധേയമല്ലാത്ത പ്രവൃത്തികൾ കരാറുകാരനോ ടിയാന്റെ തൊഴിലാളികളോ പ്ലോട്ടുകളിൽ ചെയ്യാൻ പാടുള്ളതല്ല.

12. ദർഘാസ് തുകയ്ക്ക് പുറമെ, വിൽപന നികുതിയോ മറ്റ് നികുതികളോ ബാധകമെങ്കിൽ ആയത് കരാറുകാരൻ തന്നെ അടക്കേണ്ടതാണ്. ഏതെങ്കിലും തരത്തിലുള്ള ലൈസൻസ് ആവശ്യമായാൽ ആയതു കരാറുകാരൻ സ്വന്തം ചിലവിലും ഉത്തരവാദിത്വത്തിലും എടുക്കേണ്ടതാണ്.

13. കരാറുകാരനിൽ നിന്നോ ഏജന്റിൽ നിന്നോ ടിയാന്റെ തൊഴിലാളികളിൽ നിന്നോ കണ്ണൂർ എയർപോർട്ട് വക മരങ്ങൾക്കോ മറ്റു വസ്തുക്കൾക്കോ ഏതെങ്കിലും നാശനഷ്ടം സംഭവിച്ചാൽ കണ്ണൂർ എയർപോർട്ട് നിർദ്ദേശിക്കുന്ന നഷ്ടപരിഹാരത്തുക കരാറുകാരന്റെ സെക്യൂരിറ്റി ഡെപ്പോസിറ്റിൽ നിന്നും വീണ്ടെടുക്കുന്നതാണ്. ഇതിൽ കണ്ണൂർ എയർപോർട്ടിന്റെ തീരുമാനം അന്തിമമായിരിക്കുന്നതാണ്.

14. പ്രസ്തുത സ്ഥലത്തുനിന്നും വിറക്, പുല്ല് മറ്റു സാധന സാമഗ്രികൾ കരാറുകാരനോ അയാൾ ഏർപ്പെടുത്തുന്നവരോ അയാളുടെ തൊഴിലാളികളോ കൊണ്ടുപോകാൻ പാടില്ല.

15. കാറ്റുമൂലമോ, പ്രകൃതിക്ഷോഭം മൂലമോ ഒടിഞ്ഞു പിഴുതു വീഴുന്ന മരങ്ങൾ എടുക്കുന്നതിനോ, വിൽക്കുന്നതിനോ കണ്ണൂർ എയർപോർട്ടിന് അധികാരം ഉണ്ടായിരിക്കുന്നതാണ്. ഇത്തരം മരങ്ങൾ നീക്കുന്നതുമൂലം കരാർ തുകയിൽ ഇളവ് ലഭിക്കുന്നതല്ല. എന്നിരുന്നാലും തീവ്രമായ പ്രകൃതിദുരന്തം മൂലം 25% ന് മേൽ മരങ്ങൾക്ക് നാശനഷ്ടം സംഭവിച്ചാൽ കരാർ തുകയിൽ ഇളവ് ചെയ്യുന്നതാണ്. എന്നാൽ കണ്ണൂർ എയർപോർട്ടിന്റെ തീരുമാനം അന്തിമമായിരിക്കും.

16. കരാറുകാരൻ യാതൊരു കാരണവശാലും സ്ഥിര സ്വഭാവമുള്ള നിർമ്മാണ പ്രവർത്തനങ്ങൾ യാതൊന്നും കണ്ണൂർ എയർപോർട്ടിന്റെ ക്യാമ്പസിനുള്ളിൽ നടത്താൻ പാടുള്ളതല്ല.

17. കരാറുകാരന്റെ ജോലിസമയത്തുള്ള അപകടങ്ങളുമായി ബന്ധപ്പെട്ട് ഉണ്ടായേക്കാവുന്ന നഷ്ടങ്ങൾക്ക് പൂർണ്ണമായും കരാറുകാരന്റെ ഉത്തരവാദിത്വത്തിലായിരിക്കും.

18. കണ്ണൂർ എയർപോർട്ടും കരാറുകാരനും തമ്മിലുള്ള ആശയവിനിമയം എഴുത്തുകളിലൂടെയാവണം

19. ദർഘാസുകൾ സ്ഥിരപ്പെടുത്തി കിട്ടുന്ന വ്യക്തി, സ്വന്തം ഉത്തരവാദിത്വത്തിൽ ആദായം എടുക്കേണ്ടതാണ്. എന്നിരുന്നാലും ആദായം എടുക്കുന്നതിന് മുൻപ് കണ്ണൂർ എയർപോർട്ടിനെ അറിയിക്കേണ്ടതാണ്.

20. കരാർ വ്യവസ്ഥകൾക്ക് വിപരീതമായി കരാറുകാരനോ അയാളുടെ തൊഴിലാളികളോ പ്രവർത്തിക്കുന്നതായി കണ്ണൂർ എയർപോർട്ടിന് ബോധ്യപ്പെട്ടാൽ മുന്നറിയിപ്പുകൂടാതെ കരാർ റദ്ദാക്കുന്നതിനുള്ള അധികാരും കണ്ണൂർ എയർപോർട്ടിന് ഉണ്ടായിരിക്കും. ഇതുമൂലം കണ്ണൂർ എയർപോർട്ടിനുണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്ക് കരാറുകാരൻ ഉത്തരവാദിയായിരിക്കും. ആയത് ടിയാളിൽ നിന്ന് ഈടാക്കുന്നതിന് കണ്ണൂർ എയർപോർട്ടിന് അർഹത ഉണ്ടായിരിക്കുന്നതുമാണ്. അങ്ങനെ കരാർ റദ്ദാക്കേണ്ടിവരുന്ന സാഹചര്യത്തിൽ ടിയാന്റെ നഷ്ടത്തിനുത്തരവാദിത്വത്തിൽ വീണ്ടും ശേഷിക്കുന്ന കാലത്തേക്ക് കരാർ നൽകുന്നതിനുള്ള അവകാശം കണ്ണൂർ എയർപോർട്ടിനുണ്ടായിരിക്കുന്നതാണ്.

21. ദർഘാസിൽ പങ്കെടുക്കുന്ന കോൺട്രാക്ടർ എല്ലാവ്യവസ്ഥകളും അംഗീകരിക്കുന്നതായി രേഖപ്പെടുത്തുന്നതിന് ഇതിനോടപ്പമുള്ള എല്ലാ പേജുകളിലും ഒപ്പിടേണ്ടതാണ്.

22. കരാർ ഉറപ്പിച്ച ആളിന്റേതൊഴികെ ദർഘാസിൽ പങ്കെടുത്ത മറ്റുള്ളവരുടെ നിരത്രദവ്യം ദർഘാസ് നടപടിക്രമം കഴിഞ്ഞതിനു ശേഷം പലിശകുടാതെ തിരികെ നൽകുന്നതാണ്.

23. ദർഘാസിലോ ലേലത്തിലോ ഇത് സംബന്ധമായ കരാർ വ്യവസ്ഥകളുടെ വ്യാഖ്യാനത്തിലോ ഏതെങ്കിലും തർക്കം ഉണ്ടാകുന്ന പക്ഷം കണ്ണൂർ എയർപോർട്ടിന്റെ മാനേജിംഗ് ഡയറക്ടർക്ക് അതിൽ തീർപ്പു കൽപ്പിക്കുവാൻ അധികാരം ഉണ്ടായിരിക്കുന്നതും, പ്രസ്തുത തീർപ്പ് അന്തിമമായിരിക്കുന്നതുമാണ്.

24. ദർഘാസുകൾ കണ്ണൂർ എയർപോർട്ടിന്റെ ഓഫീസിൽ (Kannur International Airport, Kannur International Airport P. O, Mattannur, Kannur- 670708) താഴെ പറയുന്ന സമയത്ത് സ്വീകരിക്കുന്നതാണ്.

ദർഘാസ് വെബ്സൈറ്റിൽ ലഭ്യമാകുന്ന തിയ്യതി : 2026 ഒക്ടോബർ 29 മുതൽ 2026 നവംബർ 12 വരെ

ദർഘാസ് സ്വീകരിക്കുന്ന അവസാന തിയ്യതി : 2026 നവംബർ 12 ഉച്ചയ്ക്ക് 3 മണിവരെ

ദർഘാസ് തുറക്കുന്ന തിയ്യതി : 2026 നവംബർ 12 ഉച്ചയ്ക്ക് 3:30 മണി

25. ദർഘാസ് സമർപ്പിച്ചതിന് ശേഷം പിൻമാറുന്നവരുടെ നിരത്രദവ്യം തിരികെ നൽകുന്നതല്ല.

26. കരാർ നിയമനപ്രകാരം കിയാലിനും കരാറുകാരനുമായി ഏതെങ്കിലും വ്യവഹാരങ്ങൾ ഉണ്ടാകുന്ന പക്ഷം ആയതിന്റെ പരിധി കണ്ണൂർ കോടതിയിൽ നിക്ഷിപ്തമായിരിക്കും.

27. മേൽപറഞ്ഞ ഏതെങ്കിലും വ്യവസ്ഥ ലംഘിക്കുന്ന പക്ഷം ഈ ടെൻഡർ ഏതു സമയത്തും ക്യാൻസൽ ചെയ്യാനും ഇ.എം.ഡി സെക്യൂരിറ്റി ഡെപ്പോസിറ്റ്, ദർഘാസ് തുക എന്നിവ forfeit ചെയ്യാനും റീടെൻഡർ ചെയ്യാനും നിയമനടപടികൾ എടുക്കുന്നതിനും കണ്ണൂർ എയർപോർട്ടിന് അധികാരമുണ്ടായിരിക്കും.

28. കരാർ ഉറപ്പിച്ചു കിട്ടിയ വ്യക്തി കരാർ മറിച്ചു കൊടുക്കുവാൻ പാടില്ല.

29. മരങ്ങളുടെ എണ്ണം, ക്രമീകരണം എന്നിവയിൽ പരസ്യപ്പെടുത്തിയതിൽ നിന്നും വ്യത്യസ്തമായി ഭേദഗതികൾ വരുത്തുന്നതിനുള്ള അധികാരം കണ്ണൂർ എയർപോർട്ടിന്റെ മാനേജിംഗ് ഡയറക്ട

ർക്കോ അദ്ദേഹം ചുമതലപ്പെടുത്തുന്ന ബന്ധപ്പെട്ട ഉദ്യോഗസ്ഥനോ ഉണ്ടായിരിക്കുന്നതാണ്. കരാർ വയ്ക്കുന്നതിനായ് വരുമ്പോൾ തിരിച്ചറിയൽ കാർഡ് കൊണ്ടുവരേണ്ടതാണ്.

30. വിളവുകൾ/പഴങ്ങൾ കാത്തുസൂക്ഷിക്കുന്നതിനായി കണ്ണൂർ എയർപോർട്ടിന്റെ കാമ്പസ്സിൽ കരാറുകാരൻ യാതൊരു കാരണവശാലും സ്ഥിരം സ്വഭാവമുള്ള നിർമ്മാണ പ്രവർത്തനങ്ങൾ യാതൊന്നും തന്നെ നടത്താൻ പാടുള്ളതല്ല.

31. എയർപോർട്ടിൽ നിന്നും കരാറുകാരൻ കൊണ്ടുപോകുന്ന സാധനങ്ങൾ പരിശോധിക്കാൻ മാനേജിംഗ് ഡയരറക്ടർ ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥർക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

32. വിളവെടുക്കാൻ വരുന്ന ദിവസവും സമയവും എയർപോർട്ട് ഓഫീസിൽ നിന്നും മുൻകൂർ അനുമതി എടുക്കേണ്ടതാണ്. വിളവെടുക്കാൻ വരുന്ന വാഹനങ്ങൾക്ക് പാസ്സ് അനുവദിക്കുന്നതിന് മുൻകൂട്ടി അപേക്ഷ സമർപ്പിക്കേണ്ടതാണ്.

33. ഉൽപ്പന്നങ്ങൾ പാട്ട സ്ഥലത്തു നിന്നും നീക്കം ചെയ്യുന്നതിന് ആവശ്യമായ പാസ്സ് കണ്ണൂർ എയർപോർട്ടിൽ നിന്നും നൽകുന്നതായിരിക്കും. പാട്ട സ്ഥലത്തിന് പുറമെയുള്ള സ്ഥലങ്ങളിൽ നിന്നും ഉൽപ്പന്നങ്ങൾ ശേഖരിക്കുവാൻ കരാറുകാരനെ അനുവദിക്കുന്നതല്ല. കരാർ സ്ഥലത്തു നിന്നും സാധനങ്ങൾ രാവിലെ 9 മണിമുതൽ വൈകുന്നേരം 6 മണിവരെ മാത്രമേ നീക്കം ചെയ്യാൻ അനുവദിക്കുകയുള്ളൂ.

34. വിളവുകൾ നീക്കം ചെയ്യുമ്പോൾ കണ്ണൂർ എയർഫോർട്ടിന്റെ സ്ഥലത്തു സംഭവിച്ച കേടുപാടുകൾ കരാറുകാരൻ നന്നാക്കണം.

35. ഈ വ്യവസ്ഥകൾ കരാറിന്റെ ഭാഗമായിരിക്കുന്നതാണ്.

36. കരാർ ഉറപ്പിച്ചു കിട്ടിയ വ്യക്തി മരങ്ങൾ മുറിച്ചു മാറ്റുവാൻ പാടില്ല.

37. അടിസ്ഥാനവിലയിൽ കുറഞ്ഞു സമർപ്പിക്കുന്ന ദർഘാസുകൾ പരിഗണിക്കുന്നതല്ല.

38. കരാർ കാലാവധി 24 മാസം (അതായത് രണ്ട് വർഷം) ആണ്. ആദ്യ വർഷത്തെ അതായത് 12 മാസം ആദായമെടുക്കാൻ കണ്ണൂർ എയർപോർട്ടിൽ അടക്കേണ്ട തുകയാണ് ദർഘാസ് ഫോറത്തിൽ രേഖപ്പെടുത്തേണ്ടത്. രണ്ടാം വർഷം ആദായം എടുക്കുന്നന്നതിന് ഒരു വർഷത്തേക്ക് ടെൻഡർ ഉറപ്പിച്ച തുകയും അതിന്റെ 10% വർദ്ധനവും ബാധകമായ നികുതിയും (18% ജി എസ് ടി) ചേർന്ന തുകയാണ് ഒന്നാം വർഷത്തെ കരാർ അവസാനിക്കുന്നതിനു ഒരു മാസത്തിനു മുമ്പ് കരാറുകാരൻ അടക്കേണ്ടത്. ഇങ്ങനെ രണ്ടാം വർഷത്തെ മുഴുവൻ തുകയും ഒന്നാം വർഷത്തെ കരാർ അവസാനിക്കുന്നതിനു ഒരു മാസത്തിനു മുമ്പേ അടക്കുന്നതിൽ കരാറുകാരൻ പരാജയപ്പെട്ടാൽ സെക്യൂരിറ്റി ഡെപ്പോസിറ്റ് തുക കരാറുകാരന് നഷ്ടപ്പെടും.

39. കരാർ കാലാവധി ആയ രണ്ട് വർഷത്തിനു ശേഷം ഈ കരാർ ഒരു വർഷത്തേയ്ക്ക് കൂടി പുതുക്കി നൽകാവുന്നതാണ്. പക്ഷെ കരാറുകാരന്റെ കരാർ കാലാവധിയിലെ പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ മാത്രം. അങ്ങനെ നീട്ടി നൽകുന്ന പക്ഷം രണ്ടാംവർഷം അടച്ച തുകയും പ്രസ്തുത തുകയുടെ 10% വാർഷിക വർദ്ധനവും രണ്ടുംകൂടിയ തുകയും 18% ജി എസ് ടിയും ഉൾപ്പെട്ട തുക അടക്കേണ്ടതാണ്. ഇങ്ങനെ കരാർ കാലാവധി ഒരു വർഷത്തേക്കു കൂടി നീട്ടി നൽകുന്ന പക്ഷം സെക്യൂരിറ്റി ഡെപ്പോസിറ്റ് തുക, ഈ കരാർ കാലാവധി കൂടി കഴിഞ്ഞതിനു ശേഷം മാത്രമേ തിരിച്ചു നൽകുകയുള്ളൂ

40. ദർഘാസിൽ കാണിച്ചിരിക്കുന്ന മരങ്ങളിൽ നിന്നും ഒരു വർഷത്തേയ്ക്കുള്ള ആദായം എടുക്കാൻ ഉദ്ദേശിക്കുന്ന തുക കാണിക്കേണ്ടത് ഇതിനോടൊപ്പം ഉൾക്കൊള്ളിച്ചിരിക്കുന്ന ഫിനാൻഷ്യൽ ബിഡിലാണ്.

41. കണ്ണൂർ എയർപോർട്ടിൽ ഏതെങ്കിലും ടെണ്ടർ എടുത്ത് പൂർത്തിയാക്കാത്തതോ ഏതെങ്കിലും കരാറിന്റെ ഭാഗമായി കരിമ്പട്ടികയിൽപെടുത്തിയതോ ആയ കരാറുകാർക്ക് ഈ ടെണ്ടറിൽ പങ്കെടുക്കാൻ അർഹത ഉണ്ടായിരിക്കുന്നതല്ല.

42. കണ്ണൂർ എയർപോർട്ടിലോ അനുബന്ധ സ്ഥാപനങ്ങളിലോ മറ്റ് ഏജൻസികളിലോ ജോലി ചെയ്യുന്ന ആർക്കും തന്നെ ഈ ടെൻഡറിൽ പങ്കെടുക്കാൻ അർഹത ഉണ്ടായിരിക്കുന്നതല്ല.

43. കണ്ണൂർ എയർപോർട്ടിലോ അനുബന്ധ സ്ഥാപനങ്ങളിലോ മറ്റ് ഏജൻസികളിലോ ജോലി ചെയ്യു ന്നവരുടെ വാഹനങ്ങൾ, കായഫലം ശേഖരിക്കാനോ തൊഴിലാളികളെ എത്തിക്കാനോ തൊഴിലാ ളികൾ യാത്ര ചെയ്യാനോ ഉപയോഗിക്കാൻ പാടില്ല.

അനുബന്ധം 1

പ്രഖ്യാപനം

മുകളിൽ പറഞ്ഞിരിക്കുന്ന എല്ലാ കാര്യങ്ങളും സത്യമാണെന്നും കണ്ണൂർ എയർപോർട്ടിന്റെ നിബന്ധനകൾ പേജ് 1 മുതൽ 6 വരെ പൂർണ്ണമായി വായിച്ചു മനസ്സിലാക്കി അതനുസരിച്ച് അവ പാലിച്ചുകൊള്ളാമെന്നും കരാർ ലഭിക്കുകയാണെങ്കിൽ 7 ദിവസത്തിനകം കരാറിൽ ഏർപ്പെട്ട് 2026 ഡിസംബർ 1 മൂതൽ 2028 നവംബർ 31 വരെ മേൽ പറഞ്ഞ മരങ്ങളിൽ നിന്നും മരങ്ങൾക്ക് കേടുപാടുകൾ കൂടാതെ ആദായം സ്വന്തം ഉത്തരവാദിത്വത്തിൽ എടുത്തുകൊള്ളാമെന്നും ഇതിനാൽ സമ്മതിച്ചിരിക്കുന്നു.മേൽ പറഞ്ഞ മരങ്ങളുടെ എണ്ണവും മരങ്ങളും ഞാൻ നേരിൽ കണ്ട് ബോധ്യപ്പെട്ടതാകുന്നു.

സ്ഥലം :

തിയ്യതി :

കയ്യൊപ്പ്

അനുബന്ധം 2

ഫൈനാൻഷ്യൽ ബിഡ്

കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട് ഭൂമിയുടെ ചുറ്റുമതിലിനുള്ളിലെ ഫലവൃക്ഷങ്ങളിൽ നിന്നും 2026 ഡിസംബർ 1 മുതൽ 2028 നവംബർ 31 വരെയുള്ള 24 മാസ കാലയളവിൽ ആദായം എടുക്കുന്നതിനായുള്ള ദർഘാസ്

ടെൻഡറുടെ പേര് :

വിലാസവും ഫോൺ നമ്പരും :

തിരിച്ചറിയൽ കാർഡ്/പാൻ, കാർഡ് :

ക്രമനമ്പർ	മരങ്ങളുടെ ഇനം	മരങ്ങളുടെ എണ്ണം	ആദായം എടുക്കാൻ കണ്ണൂർ എയർപോർട്ടിൽ ഒരു വർഷത്തേക്ക് നൽകുന്ന തുക(അക്കത്തിലും അക്ഷരത്തിലും)
1	റബ്ബർ	1262	
2	തെങ്ങ്	2746	
3	പ്ലാവ്	261	
4	കശുമാവ്	829	
5	മാവ്	400	
6	പുളിമരം	26	
7	പന	352	
8	കവുങ്ങ്	366	
9	പഞ്ഞിമരം	65	

ആകെ തുക (അക്കത്തിലും അക്ഷരത്തിലും) :

കുറിപ്പ്; 1.

1. തുക മൊത്തമായോ മരങ്ങളുടെ ഇനം തിരിച്ചോ ബിഡ് ചെയ്യാവുന്നതാണ്.
2. ബിഡ് ചെയ്ത തുകയ്ക്ക് പുറമെ അതിനു ബാധകമാകുന്ന ജി.എസ്.ടി. കൂടി ഏജൻസി അടയ്ക്കേണ്ടതാണ്.
3. മൊത്തം തുകയുടെ അടിസ്ഥാനത്തിൽ മാത്രമായിരിക്കും കരാർ ഉറപ്പിക്കുക

സ്ഥലം :

തിയ്യതി : കയ്യൊപ്പ്